
LMCCHSG
ERNAKULAM
മയിൽപ്പീലി
little
KITEs
KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION


LMCCHS
അക്ഷരശോഭയുടെ നിരവധി പൂർണോദയങ്ങൾക്ക്
ചക്രവാളമൊരുക്കിയ എൽ.എം.സി.സി ഹൈസ്കൂൾ 99
വർഷങ്ങൾ പിന്നിട്ട് ശതാബ്ദിയുടെ നിറവിൽ.

# എഡിറ്റോറിയൽ ബോർഡ്

1. ജാക്വിലിൻ ജോമോൻ
2. ലിയ തെരെസ് ജോസ്
3. എയ്ഞ്ചലീന കാരൾ കെ എ
4. ഡാനിയൽ ഫ്രാൻസ്സിസ്
5. ലെവിൻ വിൽസൺ
6. അതുൽ സേവ്യർ
7. ആൽവിൻ കെ മോനി
8. ചലൻഞ്ച് എം എസ്
9. ജോസഫ ടിന്റ
10. ആൽവിൻ ജോസഫ്

## സാങ്കേതിക സഹായം..

11. തോമസ്സ് ആന്റണി

## കവർപേജ്....

12. അഭിഷേക് ബാബു

# ആശംസ



**-റവ.സി.മാർഗരറ്റ്**
**(ഹെഡ്മിസ്ട്രസ്)**

**പൊതുവിജ്ഞാന സംരക്ഷണ യജ്ഞം എന്ന വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി 2017-2018 അദ്ധ്യായനകാലഘട്ടത്തിൽ ആരംഭിച്ച KITE എന്ന സംരഭം അനുദിനവും സംഭവിക്കുന്ന മാറ്റങ്ങളുടെ പുതിയ ലോകത്തിലേക്ക് വിദ്യാർത്ഥികളുടെ മനസ്സുകളെ ഉയർത്തുകയാണ്.**

**ലിറ്റിൽ കൈറ്റസിൻെറ സാരഥികളായ നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ അധ്യാപകർക്കൊപ്പം തങ്ങളുടെ വൈവിധ്യമാർന്ന പരിശീലന ന പ്രവർത്തനങ്ങളിലൂടെ കടന്നു പോയ ഈ അധ്യായന വർഷത്തിന് ഒടുവിൽ നമ്മുടെ വിദ്യാലയത്തിൽ അവരുടെ പ്രവർത്തനങ്ങളെ ആധാരമാക്കി ഈ കലാസൃഷ്ടി പുറത്തുവരുമ്പോൾ നാം ഒന്നാകെ അഭിമാനിക്കേണ്ടതുണ്ട്.കാലത്തിൻെറ മാറ്റങ്ങളെ യുവതലമുറ ഏറ്റെടുക്കുന്നതിൽ വിജ്ഞാനതന്തുകത്തിലേക്ക് നമ്മുക്കും പങ്കാളികളാകുവാൻ സാധിക്കുന്നതിന് ഭാവുകങ്ങളോടെ ദൈവാനുഗ്രഹങ്ങൾ ആശംസിക്കുകയും,പ്രവർത്തനങ്ങൾക്ക് നന്മകൾ നേരുകയും ചെയുന്നു...**

# എഡിറ്റോറിയൽ

പ്രകൃതി മനോഹരിയാണ്...പ്രഭാമയിയാണ്.പ്രകൃതിയുടെ ഭാവവ്യത്യാസങ്ങൾ ഭൂമിയിലെ എല്ലാ ജീവജാലങ്ങളെയും സ്വാധീനിക്കുന്നു.കാർഷിക സംസ്കാരത്തിൽ അധിഷ്ഠിതമായ ഒരു ജീവിതക്രമമായിരുന്നു നമ്മുടേത്.അതുകൊണ്ടുതന്നെ ആചാരങ്ങൾ,അനുഷ്ഠാനങ്ങൾ,ഉൽസവങ്ങൾ,ആഘോഷങ്ങൾ എന്നിങ്ങനെ ഒരു വ്യക്തിയുടെ ജീവിതത്തെ ബാധിക്കുന്ന എല്ലാ ഘടകങ്ങളിലും പ്രകൃതിയുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ സ്വാധീനം കാണാം.ജീവിതത്തിൽ മാത്രമല്ല,ജീവിതത്തിൻെറ ആവിഷ്ക്കാമായ സാഹിത്യത്തിലും പ്രകൃതി ഒരു പ്രലോഭനമായി,പ്രചോദനമായി നിറഞ്ഞുനിൽക്കുന്നു.

അതിനാൽ വിദ്യാർത്ഥികളായ നമ്മുക്കോരോരുത്തർക്കും പ്രകൃതിയോടും സഹജീവികളോടും സ്നേഹവും കരുണയും ഉള്ളവരാകാം.വായനയുടെ ലോകത്തുനിന്ന് ലഭിക്കുന്ന അറിവിൻെറ മുത്തുകൾ ലോകത്തിലേക്ക് അക്ഷരവെളിച്ചമായി,സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തി കവിതകളും,കഥയും,ലേഖനങ്ങളും,ചിത്രങ്ങളുമൊക്കെയായി നമ്മുക്ക് നൽകാം.ഭാവനയുടെ നിറങ്ങൾ നിറഞ്ഞ മനോഹരമായ പട്ടങ്ങൾ വാനിലേക്കുയർത്തി പറത്തുന്ന കുട്ടികൾ നന്മയുടെ,സന്തോഷത്തിൻെറ ഒരായിരം ചിന്തകൾ ഇതൾ വിരിയിക്കട്ടെ...

എന്ന് ആശംസകളോടെ,

*ജ്യാകിലിൻ ജോമോൻ*

(എഡിറ്റർ)

# ആശംസ

**ആധുനിക ലോകത്തിൻെറ അവിഭാജ്യഘടകമായി മാറിയ ഇന്റർനെറ്റ് സൗകര്യം നമുക്ക് നൽകുന്നത് ആശയനിനിമയത്തിൻെറ അനന്തസാധ്യതകളാണ് കല്ലുകളിൽ കൊത്തിവച്ച് നമ്മുടെ പൂർവ്വികർ തുടങ്ങിയ എഴുത്ത് പനയോലകളും കടലാസുകളും പിന്നിട്ട് ഡിജിറ്റൽ അക്ഷരങ്ങളിലാണ് ഇന്ന് എത്തിനിൽക്കുന്നത്.**

**പുതുമുഖങ്ങളായ എഴുത്തുകാരുടെ ആശയവിനിമയത്തിൻെറ അനന്തസാധ്യതകളിലേക്ക് നമുക്ക് മുന്നിൽ തുറന്നിടുന്നത് സ്വാതന്ത്ര്യത്തിൻെറ പുതിയലോകമാണ് ഡിജിറ്റിൽ രംഗത്ത് ശോഭിക്കാൻ ഇവിടുത്തെ വിദ്യാർത്ഥികൾക്ക് സാധിക്കട്ടെ. എഴുതിത്തെളിയാനും അറിവ് പങ്കുവയ്ക്കാനുമുള്ള സ്വപ്നസാക്ഷാത്ക്കാരമായി മാറട്ടെ...**

**ഹൃദയംനിറഞ്ഞ ആശംസകൾ...**



***-ഗ്ലേസ്സി മാത്യു (കൈറ്റ് മിസ്ട്രസ്)***

## DEAR READERS,

***our 'LITTLE KITES' have put across some amazing pieces displaying their creative thinking and IT skills. The works included in this digital magazine are extremely simple but will surely provide an opportunity to peep into a child's thought process and his or her creative thinking.***

***Finally from the entire team of 'LITTLE KITES' I wish all the readers a happy reading.***



*–SMITHA DAVID*

*(SITC)*

# താളുകൾ മറിക്കുമ്പോൾ....


1. എറ്റവും വലിയ സമ്മാനം (കഥ) -9
2. ഗുരുനാഥയ്ക്കായി (കവിത) -11
3. വാഴക്കുല (കവിത) -13
4. മഴ ഒരു തുള്ളി മഴ (കവിത) -14
5. വൻ ദുരന്തം (വിവരണം) -15
6. മരം (കവിത) -16
7. ദിനാചരണങ്ങളിലൂടെ (കൊളാഷ്) -17
8. വാർദ്ധക്യം നേരിടുന്ന വെല്ലുവിളികൾ (ലേഖനം) -18
9. യാത്രാവിവരണം -21
10.കേരളം അതിജീവനത്തിന്റെ പാതയിൽ (ഉപന്യാസം) -22
11.ലോകവയോജന ദിനം (ഉപന്യാസം) -24
12. അപ്പുക്കുട്ടനും ചങ്ങാതിയും (കഥ) -25
13. കുസൃതിക്കാരൻ (കഥ) -26
14. ഡിജിറ്റിൽ തരംഗം (കൊളാഷ്) -27
15. സംഗീതം (കവിത) -28
16. താമരകണക്ക് (ഗണിതം) -29
17. ജാഗ്രത പാലിക്കുക (ചിത്രം) -31
18. ചിത്രം -32
19. നാലിതൾപ്പൂവ് (ആസ്വാദനക്കുറിപ്പ്) -33
20. പ്രളയം -35
21.നെഹ്റുവിന്റെ സങ്കൽപത്തിലുണ്ടായ ആധുനിക ഭാരതം (പ്രസംഗം) -36
22.തൃശ്ശൂർപ്പൂരം (ലേഖനം) -38
23. മനുഷ്യർ വരുത്തി വച്ച നാശം (ചിത്രങ്ങൾ) -40
24. മാമരം (കവിത) -44
25. ചിത്രം -45
26. മഴത്തുള്ളി (കവിത) -46
27. സാന്താക്ലോസപ്പൂപ്പനും ക്രിസ്തുമസ്സ് ട്രീയും (കഥ) -47
28. തെംസ്നദിയോട് (ആസ്വാദനകുറിപ്പ്) -50
29. മുല്ലനസ്റ്റുദിന്റെ കഥ -51
30. കനിവിന്റെ മാലാഖ (ലേഖനം) -52
31. സ്ത്രീ (കവിത) -53
32. നന്ദി -54

*-55*

# ഏറ്റവും വലിയ സമ്മാനം

ഒരിടത്ത് മാളു എന്നൊരു കുട്ടിയുണ്ടായിരുന്നു. ഓർമ്മ വച്ച കാലം മുതൽ അവൾ അനാഥാലയത്തിലായിരുന്നു. അനാഥാലയത്തിലെ തൂപ്പുക്കാരി ജാനു പറഞ്ഞ ചെറിയൊരു അറിവെ അച്ഛനെയും അമ്മയെയും കുറിച്ച് അവൾക്കുള്ളൂ. ഒരു ക്രിസ്തുമസ് രാത്രിയാണ് ആ അനാഥാലയത്തിലെ വാതിക്കൽ അച്ഛനമ്മമാരാൽ അവൾ



ഉപേക്ഷിക്കപ്പെട്ടത്. എല്ലാ ക്രിസ്തുമസ് രാത്രിയിലും അവൾ അച്ഛനമ്മമാരെ കാത്ത് അനാഥാലയത്തിൻെറ പടിവാതിക്കൽ ചെന്ന് നിൽക്കുമായിരുന്നു. പതിവുപോലെ അവൾ മാതാപിതാക്കളെ കാത്ത് വാതിൽക്കൽ വന്ന് നിന്നപ്പോൾ അവളുടെ കയ്യിൽ തൂപ്പുക്കാരി ജാനു കൊടുത്ത ഒരു സമ്മാനപ്പൊതിയുമുണ്ടായിരുന്നു.ഇല്ല ഈ പ്രാവിശ്യവും അവളെ തേടി ആരും വന്നില്ല.ഏറെ സങ്കടത്തോടെ തിരിഞ്ഞ് നടക്കുമ്പോൾ പിറകിൽ നിന്നൊരു വിളി:മാളു...മാളു...തിരിഞ്ഞുനോക്കിയപ്പോൾ തൊട്ടടുത്ത വീട്ടിലെ മീനുക്കുട്ടിയാണ്.എന്താണ് സമ്മാനം കിട്ടിയിട്ടും സങ്കടപ്പെട്ടിരിക്കുന്നത് എന്ന് മീനു ചോദിച്ചു.മീനുവിനും സങ്കടമാണല്ലേ എന്ന് മാളു ചോദിച്ചു.മീനു പറഞ്ഞു:എല്ലാ ക്രിസ്തുമസിനും അച്ഛൻ സമ്മാനപ്പൊതിയുമായിട്ടാണ് വരുന്നത്. ഈ പ്രാവിശ്യം ജോലി വളരെ കുറവായിരുന്നതുകൊണ്ട് എനിക്ക് ഈ പ്രാവിശ്യം സമ്മാനമൊന്നും കിട്ടിയില്ല.അതാണ് ഞാൻ സങ്കടപ്പെടാൻ കാരണം.മാളുവിന് എന്താണ് സങ്കടമെന്ന് മീനുക്കുട്ടി മാളുവിനോട് ചോദിച്ചു:മാളു പറഞ്ഞു എനിക്ക് ക്രിസ്തുമസ് സമ്മാനമൊക്കെ കിട്ടി.പക്ഷെ എല്ലാ വർഷവും ഞാൻ ഈ വാതിക്കൽ വന്ന് എന്നെ ഉപേക്ഷിച്ചുപോയ അച്ഛനെയും അമ്മയെയും കാത്ത്

***നിൽക്കാറുണ്ട്.ഈ പ്രാവിശ്യവും അവർ വന്നില്ല.അതാണെൻെറ സങ്കടം.സമ്മാനമൊന്നും കിട്ടിയില്ലെങ്കിലും മീനു കുട്ടിക്ക് അച്ഛൻെറയും അമ്മയുടെയും കൂടെ ക്രിസ്തുമസ് ആഘോഷിക്കാമല്ലോ.ഞാൻ ഇപ്പോഴും അനാഥയായി അപ്പച്ചനെയും അമ്മച്ചിയെയും കാത്തിരിക്കുകയാണ്.മീനു ഭാഗ്യവതിയാണ് എന്നെക്കാളും.***

***തിരിച്ചുനടക്കുമ്പോൾ മീനുക്കുട്ടിക്ക് സമ്മാനം കിട്ടിയില്ല എന്നൊരു ദുഖം ഉണ്ടായിരുന്നില്ല.വീട്ടിൽ എത്തിയ ഉടൻ അച്ഛനെയും അമ്മയെയും കെട്ടിപ്പിടിച്ച് അവരോട് പറഞ്ഞു:ഈ ക്രിസ്തുമസിന് എനിക്ക് കിട്ടിയ ഏറ്റവും വലിയ സമ്മാനം നിങ്ങൾ തന്നെയാണ്.***



***-എയ്ഞ്ജലീന കരോൾ***

# ഗുരുനാഥയ്ക്കായി

അന്നാദ്യമായ് ഞാനെൻ വിദ്യാലയതിരു-
മുറ്റത്തൊറ്റയ്ക്ക് നിന്ന നേരം
ഒരു ചെറുകൂട്ടായ് ഒരാശ്വാസമായ്
നീ എൻ മുമ്പിൽ വന്നണഞ്ഞീടുന്നു
ആ നിമിഷത്തിൽ നിർവൃതിയിൽ
നീയെൻ പ്രിയ ഗുരുനാഥയായ്
മാറിയതിന്നു ഞാൻ ഓർമ്മിക്കുന്നു
ഒരു നാളും നുകരാത്ത സനേഹത്തിൻ
തേൻ കിണ്ണം നീട്ടിയൊരു പ്രിയസുഹൃത്തേ
ഞങ്ങൾതൻ മനസ്സിൻ മന്ത്രകോണിൽ
നീയൊരു സാന്ത്വന മന്ത്രമായി മാറിടുന്നു.
ഒരു നല്ല സ്നേഹം ഞാൻ കൊതിച്ചു.
നിൻ അരികിൽ നിന്നങ്ങ്.....
ഒരു കുടം സ്നേഹം നീ ചൊരിഞ്ഞു.
മഴവില്ലിന് ഏഴ് വർണ്ണങ്ങൾ ചാലിച്ച-
അറിവിൻ മായാ ലോകത്ത് നിന്നൊരു
കൊച്ചു ദേവതയായ് വന്നു.....
നീയെൻ കൈപിടിച്ച് മാസ്മര
ലോകത്തിൻ പടവുകളിലുയർത്തി
ഒരുപിടി അറിവിൻ മുത്തുകൾ വാരി-



യെടുത്തെൻ മനസ്സിനഗാധ -
ഗർത്തങ്ങളിലേക്കു നീ വിതറവേ .....
എന്നുള്ളിലെ
ഭയകണങ്ങൾ നീ തുടച്ചുനീക്കവേ......
ഒരനർഘനിമിഷത്തിൽ നീയാകും

ദേവതയെന്നെ തനിച്ചാക്കി

എൽ.എം.സി.സി.എച്ച്.എസ്

മയിൽപ്പീലി

*പോകുന്നതോർക്കുമ്പോളുള്ളിലൊരു നീറൽ......*
*ഒരു ചെറു നൊമ്പരം പോൽ .....*
*പിരിയുന്ന ഈ വേളയിൽ ഞാനറിയുന്നു*
*നീയെനിക്കെത്ര പ്രിയയാണെന്ന  സത്യം.*



*അക്വിന റിറ്റ മരിയ*
***9D***

# വാഴക്കുല

## കവിതാനിരൂപണം

മലയാള കവിതയിലെ ഗാനഗന്ധർവനായിരുന്ന ചങ്ങമ്പുഴ കൃഷ്ണപിള്ള. ആകർഷവും ലളിതവുംമനോഹരവുമായ പദങ്ങളെ സംഗീതാത്മകമായി വിന്യസിച്ച ആ കവിതകളിൽ
കാല്പനിക വസന്തം പൂത്തുലഞ്ഞു. ആത്മദർശന വ്യഗ്രത കവിയുടെ ചങ്ങമ്പുഴ കവിതകളുടെ
മുഖമുദ്രയാണ്. സാമൂഹികമായ പ്രതിജ്ഞാബദ്ധയിൽ താൽപര്യം കുറഞ്ഞ കവി ആയിരുന്നു ചങ്ങമ്പുഴ. അഃസ്ഥിതരുടെ ദുഃഖം അവതരിപ്പിക്കണം എന്ന പുരോഗമന സാഹിത്യാശയത്തോടും അദ്ദേഹത്തിന് അഭിമുഖ്യമില്ലായിരുന്നു. 'വാഴക്കുല" എന്ന കവിത ഇതിന് ഒരപവാദമാണ്. ജന്മി – കുടിയാൻ വ്യവസ്ഥയിലെ ചൂഷണത്തിൻെറ ഒരു
മുഖമാണ് ഈ കവിതയിൽ ചങ്ങമ്പുഴ അവതരിപ്പിക്കുന്നത്. മലയപ്പുലയനും ഭാര്യ അഴകിയും മക്കളുമാണ് കവിതയിലെ പ്രധാന കഥാപാത്രങ്ങൾ. ഗൃഹനാഥനായ മലയൻ തൻെറ കുടിലിൻെറ മുറ്റത്ത് മഴക്കാലത്ത് ഒരു വാഴത്തൈ നട്ടു. അവൻെറ ഭാര്യ അഴകി തൻെറ അരുമക്കിടാങ്ങളിൽ ഒന്നായി കരുതി അതിനെ പരിപാലിച്ചു. അവരുടെ മനസ്സിലെ ആശകൾ പോലെ തന്നെ അതിൽ ഓരോരോ മരതകക്കമ്പ് പൊടിച്ചുവന്നു. ദിവസങ്ങൾ കടന്നുപോകെ, വാഴ കുലച്ചു. മലയൻെറ കിടാങ്ങൾക്ക് അന്ന് ഉത്സവമായിരുന്നു. ആ 'കൊതിയസമാജം" വാഴച്ചുവട്ടിൽ പതിവായി യോഗം ചേർന്നു. കുലയിൽ കായകൾ മുതിർന്നു മൂത്തു. പഴുക്കുന്നതിനു വേണ്ടി കുല മുറിച്ചു വെക്കേണ്ട സമയമായി. അപ്പോഴാണ് കുല മുറിച്ച് തൻെറ വീട്ടിലെത്തിക്കാൻ തമ്പുരാൻ കൽപിച്ചത്. മലയപ്പുലയൻെറ കുട്ടികൾ അലമുറയിട്ടു.





എര സ്

ആൽവിൻ ജോസഫ് 9D

മയിൽപ്പീലി

# മഴ ഒരു തുള്ളി മഴ

*"മഴ ഒരു തേൻ മഴ*
*പാറി നടക്കും കുളിർ മഴ*
*ചന്നം പിന്നം പെയ്യും*
*എന്നാൽ അവളുടെ മട്ടു മാറും*
*കുറുമ്പു കാട്ടി തകർക്കും*
*ഉരുൾ പൊട്ടി കൂട്ടും*
*കുടിയും ഇല്ലാതാക്കും*
*എങ്കിലും എനിക്കിഷ്ടം ഈ മഴ"*





**-അഗസ്റ്റിൻ നേഹൽ**
**9 D**

# വൻ ദുരന്തം

നമ്മുടെ നാടിനെ പ്രളയത്തിൽ മുക്കിയ കാലം ആയിരുന്നു കുറച്ച നാളുകൾക്കു മുൻപ് കഴിഞ്ഞു പോയത്. ആ പ്രളയം നമ്മൾ മനുഷ്യരുടെ വളരെ ഏറെ അശ്രദ്ധ കൊണ്ടാണ്.




പിന്നെ ഈ വെള്ളപ്പൊക്കം നമ്മൾ മനുഷ്യനെ ഒരേ തരക്കാരാക്കി മാറ്റിയിരിക്കുകയാണ്. പണക്കാരനും പാവപ്പെട്ടവനും രണ്ടുകൂട്ടരും ഒരുപോലെ ആയി. ഉടുത്തു മാറാൻ ഒരു വസ്ത്രം പോലും ഇല്ലാതെ മനുഷ്യർ വലഞ്ഞു. അവനവൻ കുഴിക്കുന്ന കുഴിയിൽ അവനവൻ വീഴുന്നതു പോലെ മനുഷ്യർ ഉണ്ടാക്കി വെച്ച ദുരുതത്തെ മനുഷ്യർ തന്നെ അനുഭവിക്കുന്നു.
ഈ മനുഷ്യരുടെ അശ്രദ്ധ എന്നു മാറുന്നുവോ അന്നേ നമ്മുടെ നാടിൻെറ പ്രശ്നങ്ങളും മാറുകയുള്ളൂ.



–ലെവിൻ വിൽസൺ

# മരം

വേനലിൽ ചൂടിൽ വെയിലേറ്റു വാടി
കരിഞ്ഞുണങ്ങിയ ഒരു മരം
പൂകകളുമില്ല കായ്കളുമില്ലാത്ത
ഏകയായ് ചിണുങ്ങുന്ന ഒറ്റമരം
പോയ വസന്തകാലം ഓർത്ത്
വിലപിച്ച വേദയ്ക്കുന്ന ആ തേങ്ങിൻമരം
തൻ്റെ ഉറ്റചങ്ങാതികളാം പൂക്കളെയും
കായ്കളെയും പിരിയുന്നതിലെ
വേദനയും സൗഹൃദം തകർന്നതിൻ്റെ
ഓർമ്മകളിലായും വിലപിക്കുന്ന
നമ്മുടെ ഒറ്റമരം





**-അൽഫീന വിൻസൺ 9D**

# ദിനാചരണങ്ങളിലൂടെ



Biography of M.K. Gandhi
Mahatma Gandhi Father of Nation
You can Shake the World
Mahatma Gandhi
സ്മരണാഞ്ജലികൾ
ഗാന്ധിജി
HAPPY
GANDI JAYNDI
HAPPY GANDHI JAYANTI
October -2nd
is based on truth and non-violence. Truth is my God. Non-violence is the means of realizing
ആദ്യം നിങ്ങളെ അവർ അവഗണിക്കും, പിന്നെ പരിഹസിക്കും, പിന്നെ പുച്ഛിക്കും, പിന്നെ ആക്രമിക്കും, എന്നിട്ടായിരിക്കും നിങ്ങളുടെ
വിജയം
~ ഗാന്ധിജി

# വാർദ്ധക്യം നേരിടുന്ന വെല്ലുവിളികൾ

**വിളക്കണഞ്ഞ വൃദ്ധ മന്ദിരത്തിലുറങ്ങാത്ത**
**രണ്ടു ആത്മാക്കൾ അന്വനം ചോദിച്ചു**
**"മക്കൾ ഉറങ്ങിയിട്ടാവുമോ?"**

**ഒക്ടോബർ – 1 ലോക വൃദ്ധ ദിനം. ആരാണീ വൃദ്ധർ ? ഈ ചോദ്യത്തിന് ആഗോളാടിസ്ഥത്തിൽ ഒരു പൊതു നിർവജനം അസാധ്യമാണ്. ജീവിതത്തിലെ ഏറ്റവും അത്യാവശ്യമായ നിധിയെ തള്ളിക്കളയുന്നു. ആ**




**തളിക്കളയുന്നവരാണ് വൃദ്ധർ. നമ്മുടെ ജീവിതത്തിന് ആധാരമായുള്ളവരെ വൃദ്ധമന്ദിരങ്ങളിൽ കൊണ്ടാക്കുന്ന സംസ്കാരമാണ് ഇപ്പോൾ ഈ ഭൂമിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്.**

**മുത്തശ്ശികഥകൾ കേൾകാതെയും നാടിന്റെ സംസ്കാരത്തിന്റെയും ഭാഗമായ കലകളെക്കുറിച്ചറിയാതെയും മണ്ണിലുറങ്ങാതെയും എന്തിന് മുലപ്പാലിൻെറ പ്രാധാന്യമുള്ള മാതൃഭാഷ പോലും പഠിക്കാതെയും ഇന്ന് മക്കൾ വളർന്നു വരുന്നു, അല്ലങ്കിൽ വളർത്തുന്നു.**

കെട്ടുത്തു മാത്രമെ നേടാനൊക്കു എന്ന വലിയ തിരിച്ചറിവിലേക്ക് ഇന്ന് നമ്മുടെ കുടുബങ്ങൾ എത്തി കഴിഞ്ഞു.

അത്തരമൊരു വൃദ്ധസദനത്തിലെ ഒരു ദൃശ്യമാണ് കവിതാ ശകലം. വിളക്കണഞ്ഞ എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് രാത്രിയുടെ യാമങ്ങളിലെ അന്ധകാരത്തെയാണ്. തങ്ങൾ പ്രസവിച്ചും ലാളിച്ചും, സ്നേഹിച്ചും ആവശ്യമായവ എല്ലാം നൽകിയും പരിരക്ഷിച്ചും വളർത്തിയ തങ്ങളുടെ മക്കൾ അവർ നേരെ നിൽക്കാൻ പ്രായമായപോൾ മാതാപിതാക്കളെ വേണ്ടാതായി. തങ്ങളെ സ്നേഹിച്ചതും ലാളിച്ചതുമെല്ലാം അവരുടെ ഓർമ്മകളിൽ നിന്നും അകന്നും. അങ്ങനെ അവരെ വൃദ്ധമന്തിരത്തിലേക്ക് ആക്കിയിരിക്കുകയാണ്. മക്കളുടെ ജീവിത തിരക്കുകളിൽ മക്കൾക്കായി ജീവിക്കുന്ന മാതാപിതാക്കളെ ഉപേക്ഷിച്ചും. മാതാപിതാക്കൾ പകർന്ന ചൂടും വാത്സല്യവും സംരക്ഷണവും മറന്ന് പ്രവർത്തിക്കുന്ന ഇന്നത്തെ തലമുറയെ നമുക്ക് കാണുവാൻ സാധിക്കും. രാത്രിയുടെ യാമങ്ങളിൽ അവർക്ക് ഉറങ്ങാൻ സാധിക്കുന്നില്ല. മക്കളെ ഓർത്ത് അവർ വിലപിക്കുകയാണ്. തങ്ങളെ വൃദ്ധസദനത്തിലാക്കി ഉപേക്ഷിച്ചിട്ടുപോലും അവരോടുള്ള മതിവരാത്ത സ്നേഹമാണ് ഇതിലൂടെ നമുക്ക് ഗ്രഹിക്കാനാവുന്നത്. മക്കളോടുള്ള തീരാത്ത സ്നേഹത്താൽ വെമ്പുന്ന അവർ അന്യോന്യം

***ചോദിക്കുന്നുണ്ടാവും "മക്കൾ ഉറങ്ങിയിട്ടുണ്ടാവുമോ?". നെഞ്ചു പൊട്ടുന്ന വേദനയോടാണ് അവർ അത് ചോദിക്കുന്നത്. സ്നേഹത്തിൻെറ ഏറ്റവും വലിയ ഉന്നതതലമാണ് നമുക്കിവിടെ കാണാൻ സാധിക്കുന്നത്. തങ്ങളെ ഉപേക്ഷിച്ച മക്കൾ ഉറങ്ങിയിട്ടുണ്ടാവുമോ എന്നതാണ് അവരുടെ ആശങ്ക.***



*-കൊച്ചുത്രേസ്യ റാണി 10A*

# യാത്രവിവരണം

***യാത്രവിവരണം എന്ന പറയുമ്പോൾ തന്നെ  എനിക്ക് ഓർമ്മ വരുന്നത് ഞനും എൻെറ കുടിമ്പവും ബന്ധുക്കളും കൂടി കൊടൈക്കനാൽ പോയതാണ്. വളരെ അധികം സന്തോഷം നല്കിയ ഒരു യാത്റയായിരുന്നു അത്. കൊടേക്കനാലിലേക്കു പോകുമ്പോൾ വലിയ മല കയറുമ്പോൾ അടിയിലേക്കു നോക്കിയാൽ വളരെ അധികം രസകരമായ ഒരു കാഴ്ചയാണ് കാണുവാൻ സാധിക്കുന്നത്. അങ്ങനെ വളരെ രസകരമായ യത്റയ്ക്കൊടുവിൽ ഞങ്ങൾ കൊടേക്കനാലിൽ എത്തി. അവിടെ ഞങ്ങൾക്ക് വളരെ നല്ല ലോഡ്ജായിരുന്നു ലഭിച്ചത്. തണുപ്പു കാരണം സംസാരിക്കുമ്പോൾ വായിൽ നിന്നും പുക വരുയമായിരുന്നു. വായിൽ നിന്നു പുക വിടുന്നത് ഞങ്ങൾ കുട്ടികൾക്ക് വളരെ രസകരമായ ഒരു അനുഭവമായിരുന്നു. അങ്ങനെ രണ്ടു ദിവസം അവിടെ തങ്ങിയതിനു ശേഷം മടങ്ങി.***



***-അഭിഷേക് ബാബു  9B***

# കേരളം അതീജിവനത്തിൻെറ പാതയിൽ

ലോകം നെഞ്ചിലേറ്റിയ ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നാം സാക്ഷ്യം വഹിച്ചു.'ഓഖി' യിൽനിന്നു കരകയറുമ്പോൾ, ഭീതി പരത്തികൊണ്ട് 'നിപ'വൈറസിൻെറ വരവ്.
അനേകം പേരുടെ ജീവനെടുക്കുമായിരുന്ന ഈ പനിനൈറസിനെ കേരളം തുടച്ചുനീക്കിയത് ലോകം അദ്ഭുതതോടെയാണ് കണ്ടത്. തൊട്ട് പിന്നാലെയാണ് 'പ്രളയ' ത്തിൻെറ വരവ്. നിരവധി ജീവനുകൾ മലവെള്ളപ്പാചിലിൽ ഒഴുകി.ഇപ്രാവശ്യത്തെ ഓണത്തിന് മുന്നോടിയായി കേരള സന്ദർശനത്ത്നെത്ത്യ മാവേലിമന്നന് നല്ലൊരുകാഴ്ച കാണാൻ പറ്റി എല്ലാമനുഷ്യരുംഒരുപാത്രത്തിൽഉണ്ടും,ഉറങ്ങിയും ദരിദ്രനെന്നോ ധനികനെന്നോ വേർതിരിവിലാതെ
പങ്കുവെച്ച് ഒത്തോരുമയിൽ ജീവിക്കുന്ന ദുരിത്വാശാസ ക്യാമ്പ് !
ഈയടുത്തുണ്ടായ
'പ്രളയം' നമുക്ക് പ്രകൃതി നല്കിയ ശിക്ഷയാണ്. ഇതിനെല്ലാം കാരണക്കാർ നാം മനുഷ്യർ തന്നെ പുഴകളിലും, കടലുകളിലും കാണുന്ന എല്ലായിടത്തും മാലിന്യങ്ങൾ.
അതിട്ടവർക്കു തന്നെ തിരിച്ചു തന്നതാണ് സുനാമിയും വെള്ളപ്പൊക്കത്തിലൂടെയും.
മനുഷ്യർ പ്രകൃതിയോടു ചെയ്യതിനു പ്രകൃതംബ നൽകിയ ശിക്ഷയാണിത് എന്നാൽ ഈ മഹാവിപത്തിനു മുന്നിലും
പകച്ചുനിൽകാതെ കേരളജനത ഒറ്റക്കെട്ടായപ്പോൾ അതിജീവനവും ചരിത്രത്തിൽ ഇടം നേടി. അങ്ങനെ നിപയും,പ്രളയവും പകുതെടുത്ത കേരളത്തിൻെറ ഇച്ഛാശക്തിയും,
പ്രവർത്തിനൈപുണ്യവും ഈ കൊച്ചു സംസ്ഥാനത്തെ പഴയപ്രതാപത്തിലാക്കു നയിച്ചു

'അതിജീവന' ത്തിൻെറ ഉണർവുമായി 2019-ലെ പുതുവത്സരത്തെ സ്വാഗതം ചെയ്യുന്ന ജനുവരി 1 – ചൊവാഴ്ച വൈകിട്ട് നാലുമണികുവനിതാ മതിൽ ഉയർന്നു.' ഭ്രാന്താലയം' എന്നു വിളിക്കപ്പെട്ടിരുന്ന

**നമ്മുടെ നാടിനെദൈവത്തിന്റെ സ്വന്തംനാട് ' എന്ന വിശേഷണം നിലനിർത്തിനവോത്ഥാനമൂത്യങ്ങൾ സംരക്ഷികാനും,സ്ത്രീപുരുഷസമത്വം ഉറപ്പുവരുത്തുന്നതിനുമായിട്ടാണ് അമ്പതുലക്ഷതിലേറെപേർ പങ്കെടുത്ത 'വനിതാമതിൽ' ഉയർന്നത്ത്.**

**നാനാജാതിമതവിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾ ഏകശിലയായി ഒട്ടിനിന്നപ്പോൾ പ്രളയ കാലത്തെ മാനവികതയും സാഹോദര്യവുമാണ് കേരളം വീണ്ടും ഉയർത്തിപിടിച്ചത്.**

**നാടിനെ ഇരുട്ടിലേക്ക് താഴ്ത്താൻ ശ്രമിക്കുന്ന ഛിദ്രശക്തികൾക്കെതിരെ,താക്കീതായി,പ്രതിരോധമായി കേരളീയ സ്ത്രീത്വം വൻമതിലായി. സമൂഹത്തെ മുന്നോട്ടു നയിക്കാൻ തങ്ങൾക്കാകും എന്ന പ്രതിജ്ഞയോടെ, കൈകകോർത്ത്, തോളോടുത്തോൾ ചേർന്നുനിന്നപ്പോൾ സ്ത്രീപുരുഷസമത്വം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യം സമൂഹത്തിന് ബോധ്യപ്പെട്ടു.**

**ആചാരാനുഷ്ഠാനങ്ങൾ പാലിച്ച്, പ്രായഭേദമെന്യേ ശബരിമലയിൽ സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ച സുപ്രീംകോടതിവിധിയെ മാനിച്ച്, തളരാത്ത മനസ്സോടെ ഉയർന്ന നന്മയുടെ വന്മതിൽക്കൂടുതൽ പ്രകാശിതമായ നല്ലൊരു നാളെയുടെ സന്ദേശമാണ് നമുക്ക് നൽകിയത്.മതേതരത്വം നിലനിർത്തിക്കൊണ്ട്,**

**പ്രകൃതിയെ സ്നേഹിച്ച് അതിനെ ദ്രോഹിക്കാതെ നമുക്ക് ദുരന്തങ്ങളിൽനിന്നും രക്ഷപ്പെടാം.അതിനായി ഒത്തൊരുമയോടെ പ്രവർത്തിക്കാം എല്ലാവർക്കും ആശംസകൾ.**



**–എൽസിബീന കെ.എഫ് (അധ്യാപിക)**

# ലോകവയോജന ദിനം

ജീവിതം ഒരു നീണ്ട യാത്രയാണ് ആ യാത്രയിൽ നാം പലരെയും കണ്ടുമുട്ടുന്നു. പലരും നമ്മുടെ പലവിധ അനുഭവങ്ങളും പകർന്നു നൽകുന്നു എന്നാൽ നമ്മുടെ ജീവിതത്തിലുടനീളം നമ്മുടെ കൂടെ നിന്ന് തടസങ്ങളില്ലാതെ ആ യാത്രയിലുടനീളം നമ്മുടെ കൂടെ നിൽകുന്നവരാണ് നമ്മുടെ മാതാപിതാകൾ .ഓരോ നിമിഷവും അവർ നൽകുന്ന സ്നേഹവും കരുതലും നമ്മുടെ ജീവിതത്തിൽ മൂല്യങ്ങളും അനുഭവങ്ങളും പകർന്നു നൽകുന്നു. ഒത്തിരി വേദനകൾ സഹിച്ച് ഒടുവിൽ നമ്മുക്ക് ജന്മം നൽകുന്ന അമ്മയും നമ്മെ ഒത്തിരി സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയുന്ന അച്ചനും നമ്മുടെ ജീവിതശില്പികളാണ്.അവർ നമ്മുക് നൽകുന്ന സ്നേഹം മറ്റാരിൽനിന്നും ലഭികുക്കയില്ല

ഇന്ന് വ്രദ്ധസദനങ്ങൾ വർദ്ധിച്ചു വരുകയാണ്. സ്വന്തം മാതാപിതാകളെ സ്നഹിക്കുവാനും അവരുടെ ഇഷ്ട്ങ്ങൾ ഉൾകൊള്ളുവാനും സാധിക്കാത സ്നേഹത്തിൻെറയും പങ്കുവെകലിൻെറയും, നന്മയും, മൂല്യവും അറിയാത്ത പാശ്ചാത്യസംസ്കാരത്തെ പൂർണമായി അനുകരികുന്ന മക്കൾ അവരെ വ്രദ്ധമന്ദിരങ്ങളിലേ മറ്റും ഉപേക്ഷിക്കുന്നു. വൃദ്ധസദനത്തിലെ രാത്രിയിൽ എല്ലാവരും ഉറങ്ങിയിട്ടും ഉറക്കത്തിലേക്കും വീഴാതെ സ്വന്തം മക്കളെക്കുറിച്ച് ആലോചിചിരിക്കുകയാണ്.ആർക്കും വേണ്ടാത്ത അനാഥരായ ആ മാതാപിതാക്കൾ തങ്ങളുടെ മക്കൾ നല്ല നന്മയുള്ളവയായിരുന്നെങ്കിൽ തങ്ങൾക്ക് അത്തരമൊരു ജീവിതാവസ്ഥ വരിലായിരിന്നു.എന്നിട്ടും തൻെറ മക്കളുടെ കാര്യങ്ങളിൽ അതീവമായി ചിന്തിക്കുകയാണ് അവർ ഇപ്പോ എന്തെടുക്കുകയാവും അവരുടെ ഇപ്പോഴത്തെ അവസഥ എന്തയിരിക്കും എന്നൊകെ. ഇതിൽ നിന്ന് തങ്ങൾക്ക് തൻെറ മക്കളോടുള്ള സ്നേഹവും,കരുതലുമാണ് സൂചിപിക്കുന്നത്. തൻെര മക്കൾ ഇതൃയും ക്രൂരത ചെയ്തിട്ടും അവരെ വെറുകാതെ ഒത്തിരി സ്നേഹിക്കുകയാണ് മാതാപിതാകൾ . ഇവിടെയാണ് മാതാപിതാകളുടെ സ്നേഹവും,കരുതലും,മൂല്യവും വ്യക്തമായി തെളിയുന്നത്

ഇന്നത്തെ സമൂഹത്തിൽ വർധിച്ചു വരുന്ന ഈ പ്രവണത നിർത്തേണ്ടതുണ്ട്. മക്കൾ തങ്ങളുടെ മാതാപിതാക്കളെ സ്നഹിക്കുവാനും, സംരക്ഷിക്കുവാനും, അവരെ ഉൾക്കൊള്ളുവാനും തയ്യാറാകണം. അങ്ങനെ സ്നേഹത്തിൻെറ മൂല്യം മനുഷ്യമനസ്സ് മനസ്സിലാക്കണം



-ജാൻവി .വി

എൽ.എം.സി.സി.എച്ച്.എസ്

# അപ്പുകുട്ടനും ചങ്ങാതിയും



ഒരിടത്ത് ഒരിടത്ത്,

അപ്പു എന്നൊരു കുട്ടിയുണ്ടായിരുന്നു.അവന് പ്രകൃതിയെന്നാൽ ജീവനായിരുന്നു. അങ്ങനെയിരിക്കെ ഒരുദിവസം വിദ്യാലയത്തിൽ പോകുന്ന വഴി യാഥർശ്ചികമായ ഒരു ചെടി അനങ്ങുന്നതായി കണ്ടു.അപ്പോൾ തന്നെ അവൻ ആ ചെടി മാറ്റിനോക്കിയപ്പോൾ അവൻ ഒരു പാവം കുഞ്ഞ് മുയലിനെ കണ്ടു.അവൻ അതിനെ കൈകുമ്പിൾ വാരിയെടുക്കുകയും അതിന് മിട്ടു എന്ന് പേരിടുകയും ചെയ്തു.അതിനോട് അലിവ് തോന്നി അവൻ അതിനെ വിദ്യാലയത്തിലേക്ക് കൊണ്ടുപോവുകയും അവൻ ഇരിക്കുന്ന സ്ഥലത്തിൽ മിട്ടുവിനെ ഇരുത്തുകയും ചെയ്തു.

കുറച്ച് കഴിഞ്ഞപ്പോൾ ക്ലാസ്സുമുറിയിലേക്ക് അദ്ധ്യാപിക കയറിവരുകയും മിട്ടുവുനെ കണ്ട് ദേഷ്യപ്പെടുകയും അതിനെ പുറത്തേക്ക് വലിച്ചെറിയുകയും ചെയ്തു.മിട്ടുവിനോട് സഹതാപം തോന്നിയ അപ്പു ക്ലാസ്സ് മുറിയിൽ നിന്ന് ഇറങ്ങിപ്പോവുകയും മിട്ടുവിനെ എടുക്കുകയും ഓഫീസിലേക്ക് പരാതി നൽകുവാനായി പോവുകയും പ്രധാനാദ്ധ്യാപികയോട് പരാതി നൽകുകയും ചെയ്തു.ഈ കാര്യമറിഞ്ഞ പ്രകൃതി സ്നേഹിയായിരുന്ന പ്രധാനാദ്ധ്യാപിക കോപപ്പെട്ട് മിട്ടുവിനെ പുറത്തേക്കെറിഞ്ഞ അദ്ധ്യാപികയെ വിദ്യാലയത്തിൽ നിന്ന് പുറത്താക്കുകയും അപ്പുവിനെ പ്രശംസിക്കുകയും ചെയ്തു.

വൈകുന്നേരം അപ്പു മിട്ടുവിനെയും കൂട്ടി വീട്ടിലേക്ക് പോയി.വീട്ടിൽ എത്തിയപ്പോൾ അമ്മ മിട്ടുവിനെ കണ്ടിട്ട് അപ്പുവിനെ കുറെ ശകാരിക്കുകയും മിട്ടുവിനെ വീട്ടിൽ നിന്ന് പുറത്താക്കുകയും ചെയ്തു.ഇതെല്ലാം കണ്ട അപ്പുവിൻെറ അച്ഛൻ അപ്പുവിൻെറ അമ്മയെ കുറെ വഴക്കുപറയുകയും മിട്ടുവിനെ വീട്ടിലേക്ക് എടുത്തുകൊണ്ടുവരുകയും അവനെ നന്നായി നോക്കണമെന്ന് പറയുകയും ചെയ്തു.

പ്രകൃതിയെയും ജീവജാലങ്ങളെയും സ്നേഹിക്കുകപരിപാലിക്കുക...



– ജാക്വിലിൻ ജോമോൻ 9B

# കുസൃതിക്കാരൻ

**ഒരിടത്തൊരു കാട്ടിൽ ഒരു കുസൃതിക്കാരൻ  മോട്ടു എന്ന മുയൽ ഉണ്ടായിരുന്നു. അവന് ഒരു കൂട്ടുക്കാരൻ ഉണ്ട് . കുട്ടുക്കാരൻ ആരാണെന്ന് നി  ൾക്ക് അറിയണ്ടേ............ ഒരു കുയിൽ. കുയിലിൻെ പേര് മോലൂ. ഇവർ രണ്ടു പേരും വളരെ അടുത്ത കുട്ടുക്കാർ ആണ്. അങ്ങനെ ഇരിക്കുബോൾ ഒരു ദിവസം മോട്ടു ഒരു കാര്യം കണ്ടു. എന്താണെന്നോ.........**

**ഒരു വേട്ടക്കാരൻ . അയാളുടെ കൈയിൽ ഒരു വലിയ തോക്കുണ്ട്. മോട്ടു മുയൽ പെട്ടന്നു പോയി മോലുവിനോട്  ഈ കാര്യം പറഞ്ഞു.മോലുവിന് നല്ല്ല പേടിയായി. അയാൾ കുയിലുകളെയാണ് വെടിവെക്കുന്നത് എന്നും മോട്ടു പറഞ്ഞു.... പിന്നീട് ഒരു ദിവസം വേട്ടക്കാരൻ കുയിലിനെതേടി നടക്കുകയായിരുന്ന.അങ്ങനെ ഇരിക്കുബോൾ വേട്ടക്കാരൻ മോലു എന്ന കുയിലിനെ കണ്ടുമുട്ടാൻ ഇടയായി.വേട്ടക്കാരൻ തോക്കെടുത്തു മോലുവിനെ വെടിവെക്കാൻ പോയപ്പോൾ മോട്ടു കണ്ടു. അങ്ങനെ വേട്ടക്കാരനിൽ നിന്ന് മോലുവിനെ മോട്ടു രക്ഷിച്ചു.അങ്ങനെ കുസൃതിക്കാരായ മോട്ടുവും മോലുവും വളരെ അടുത്ത സുഹൃത്തുക്കളായിമാറി.......**



**– ലിയ തെരെസ് ജോസ് 9B**

# ഡിജിറ്റൽ തരംഗം



# സംഗീതം

മനസ്സിനിടനാഴിയിലെങ്ങു നിന്നോ
ഞാൻ കേട്ടെൻ ഹൃദയത്തിൻ
മധുര സംഗീതം..........
വീണയിൽ മീട്ടും സപ്തസ്വരങ്ങൾതൻ
മധുര നദമായിരുന്നെൻ സംഗീതം.........
മഴയുടെ കളകളാരവത്തിലൂണ്ടായി-
രുന്നെൻ സംഗീതം.........
മനസ്സിൻ അഗാതഗർത്തങ്ങളിൽ
മുഴങ്ങുമെൻ സംഗീതം ഇന്നെൻ
കർണ്ണതാളങ്ങളിൽ മുഴങ്ങവേ.......
ആരോ...... മീട്ടിയ തംബുരുതൻ
രാഗമാലികയങ്ങുയരവേ.........
ഞാനങ്ങതിലറിയാതെ ലയിച്ചു
ചേരുന്നു........
സംഗീതമാകുന്നെൻ ചൈത്രയാത്രയിൽ
എൻ മനധാരിൽ വിടർന്ന
മൗനത്തിൻ സംഗീതം........
ഒരീറൻ നിലാവിൽ പൊഴിയും
തുഷാരങ്ങളിലുമുണ്ടെൻ ഹൃദയനാദം.......
സഗീതത്തിൻ നാദമയുരങ്ങൾ
നൃത്തമാടുന്നെൻ മനം.........
ഒരു രാമഴപോലൊരു...........
നന്ദുണിപോലെ.............




അക്വീന റിറ്റ മരിയ

# താമരകണക്ക്

ഭാസ്കരാചാര്യരുടെ ലീലാവതി എന്ന ഗണിതശാസ്ത്രപുസ്തകത്തെക്കുറിച്ച് കേട്ടിട്ടുണ്ടല്ലോ.ശ്ലോകത്തിൻെറ വിവർത്തനം ഇങ്ങനെയാണ് ;

"ചക്രവാകപക്ഷികളും,ക്രൗഞ്ചപക്ഷികളും കളിയാടുന്ന ഒരു തടാകത്തിൻെറ അര കൈപ്പാട് ഒരു താമരമൊട്ട് ഉയർന്നു നിൽക്കുന്നു.കാറ്റത്തുമെല്ലെ ആടി,അത് രണ്ടു കൈപ്പാട് അകലെയായി ജലത്തിൽ മുങ്ങി വേഗം പറയൂ;കണക്കുക്കാരാ;തടാകത്തിൻെറ ആഴമെന്ത് ?"

ചക്രക്രൗഞ്ചാകുലിനസലിലേ
ക്യാപിദൃഷ്ടം തഡാഗേ
തോയാമൂർദ്ധ്യം കമലകലികാഗ്രം
വിതസ്തതി പ്രമാണം
മണ്ഡം മണ്ഡം ചലിതമതിലേനാഹതം
ഹസ്തയുഗമ്മം
തസ്മിത്മഗ്നം ഗണക,കഥയ
ക്ഷിപ്രമംഭ : പ്രമാണം



1/2 2m

ആരം=r
താമരമൊട്ടു തഴുന്ന അകലം =2
കുളത്തിന്റെ ആഴം =6 1/2
ഇത് ഒരു വട്ട ത്രികോണമായി കരുതയാൽ

r = 2+ [r–1/2]

r = 4 + r – r *1/2 = 2 * 1/4 = r = 4 +1/4

r = 17/4

കുളത്തിന്റെ ആഴം =r – 1/2 = 17/4 – 1/2

= 17 –2/4 = 15 /4 = 3 3/4

–

ദേവയാനി നോസി








**by**

**അതുൽ സേവ്യർ**



by

ആൽവിൻ കെ മോനി

# *നാലിതൾപ്പൂവ്*

*കവിതയെക്കുറിച്ചുള്ള കവിതയാണ് ഇടശ്ശേരിയുടെ 'നാലിതൾപ്പൂവ് '.നല്ല കവിത രചിക്കാൻ നല്ല കവിക്കേ കഴിയൂ അനുകരണങ്ങൾ കാലത്തെ അതിജീവിക്കാറില്ല .നല്ല സൃഷ്ടികൾ വിമർശനങ്ങളെ അതിജീവിച്ച് മുന്നോട്ടുപോകും.ഈ ഒരു പശ്ചാത്തലത്തിൽ വേണം 'നാലിതൾപ്പൂവ് 'വായിക്കാൻ.*

*ഒരു കവിത രചിക്കുന്ന പ്രക്രിയയെ ഒരു പനിനീർച്ചെടി നട്ടുവളർത്തുന്നതുമായി ചേർത്തുപറഞ്ഞുകൊണ്ടാണ് 'നാലിതൾപ്പൂവ് 'തുടങ്ങുന്നത്.ആ ചെടിയിലെ കന്നിമൊട്ടിലുൾച്ചേർന്ന ചാരുരഹസ്യം ആർക്കുമറിയില്ല; അതു നട്ട കുട്ടനു മാത്രമേ അതറിയൂ. പേടിയും ഹർഷവും ഇത്തിരി ധാർഷ്ട്യവും കൂടിക്കലർന്നോരിടയിളക്കംഎന്നു പറഞ്ഞിരിക്കുന്നത് കവിത രചിക്കുന്ന ഘട്ടത്തിൽ അനുഭിക്കുന്ന സങ്കീർണതകളെയാണ്.*

*നിരൂപകരുടെ സ്വഭാവം കവി എടുത്തുപറയുന്നുണ്ട്. പൂവ് നന്ന് എന്നൽ ആക്ഷേപിച്ചാലല്ലേ നിരൂപകർ യോഗ്യരാവൂ. ആ പൂവിൽ അവർ ചോരണം കണ്ടെത്തിപല പ്രശസ്തകൃതികൾക്കു പിന്നിലും അനുകരണം കണ്ടെത്താനുള്ള നിരൂപകശ്രമങ്ങൾ ഇതിനോട് ചേർത്തുവായിക്കണം. ഇടശ്ശേരിയിലെ കവി ഇതിനു മറുപടി കണ്ടെത്തുന്നുണ്ട്. രാമായണം എന്ന ഇതിഹാസത്തെ ഉപജീവിച്ചാണ് അദ്ദേഹമതിനു മുതിരുന്നത്.ലോകാതിശായിയാം സൗന്ദര്യമോലുന്ന നാലിതൾപ്പൂവു വിരിയിച്ചത് ഒരുകാട്ടാളനാണ് . പ്രതിഭയുള്ളവൻ എവിടെ എന്തെയതാലും പിൽക്കാലത്ത്ഒതുങ്ങിപ്പോകും .രാമായണം നാലക്ഷരവാചിയാണ്. നാലിതൾപ്പൂവ്എന്നതിലെ നാല് അതിനെ*

***പ്രതീകവൽക്കരിക്കുന്ചരിത്രമാകും .അഭ്യാസം എന്നും അഭ്യസം മാത്രമായി ഒതുങ്ങിപ്പോകും .രാമായണം നാലക്ഷരവാചിയാണ്. നാലിതൾപ്പൂവ്എന്നതിലെ നാല് അതിനെ പ്രതീകവൽക്കരിക്കുന്നു .***

**അഞ്ചന കെ.ജി**



**മേരി അലീന**




# പ്രളയം

നമ്മുടെ നാടിനെ പ്രളയത്തിൽ മുക്കിയ കാലം ആയിരുന്നു കുറച്ച നാളുകൾക്കു മുൻപ് കഴിഞ്ഞു പോയത്. ആ പ്റളയം നമ്മൾ മനുഷരുടെ വളരെ ഏറെ അശ്റദ്ധ കൊണ്ടാണ്.
പിന്നെ ഈ വെള്ളപ്പൊക്കം നമ്മൾ മനുഷനെ ഒരേ തരക്കാരാക്കി മാറ്റിയിരിക്കുകയാണ്.
പണക്കാരനും പാവപ്പെട്ടവനും രണ്ടുകൂട്ടരും ഒരുപോലെ ആയി. ഉടുത്തു മാറാൻ ഒരു വസ്ത്റം
പോലും ഇല്ലാതെ മനുഷർ വലഞ്ഞു. അവനവൻ കുഴിക്കുന്ന കുഴിയിൽ അവനവൻ വീഴുന്നതു പോലെ മനുഷർ ഉണ്ടാക്കി വെച്ച ദുരുതത്തെ മനുഷർ തന്നെ അനുഭവിക്കുന്നു.
ഈ മനുഷരുടെ അശ്റദ്ധ എന്നു മാറുന്നുവോ അന്നേ നമ്മുടെ നാടിൻെറ പ്റശ്നങ്ങളും മാറുകയുള്ളു.



–അഭിഷേക് ബാബു 9B

# നെഹ്റുവിൻെറ സങ്കൽപത്തിലുണ്ടായിരുന്ന ആധുനിക ഭാരതം




ചുണ്ടിൽ പുഞ്ചിരിയും കൈയ്യിൽ പനിന്നീർ പൂവുമായി കുട്ടികളെ തേടിയെത്തിയിരുന്ന മഹാൻ,കുട്ടികളുടെ പ്രിയപ്പെട്ട ചാച്ചാജി സാതന്ത്ര്യഭാരതത്തിൻെറ ആദ്യ പ്രധാനമന്ത്രിയും സാതന്ത്ര്യസമരനായകനുമായ പണ്ഡിറ്റ് ജവഹർലാൽനെഹ്റുവിന് ഇന്ത്യയെക്കുറിച്ച് ധാരാളം സ്വപനങ്ങളുണ്ടായിരുന്നു അദ്ദേഹം രചിച ഇന്ത്യയെ കണ്ടെത്തൽ,ഒരച്ഛൻ മകൾകയ്യച്ച കത്തുക്കൾ തുടങ്ങിയ കൃതികളിലൂടെ അദ്ദേഹം സ്വപ്നം കണ്ട ഇന്ത്യയെ കണ്ടെത്താൻ നമുക്ക് സാധിക്കും.

ജവഹർലാൽനെഹ്റുവിൻെറ ആശയങ്ങളേയും,പ്രവർത്തനങ്ങളേയും,മഹാത്മഗാന്ധിജിയുടെ ദാർശനീയ ചിന്തകളും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പൈത്രുകവും ആഴത്തിൽ സ്വാധീനിചിരിച്ചുവെന്ന് നമുക്ക് നിസംശയം പറയാം. ശാസ്ത്രിയസാങ്കേതിക വിഷയങ്ങളിൽ ഉണ്ടായിരുന്ന ഒരു പ്രത്യേക താൽപര്യമായിരുന്നു അദ്ദേഹത്തെ മറ്റ നേതാകളിൽ നിന്നും വ്യത്യസ്താക്കിയത്.

അദ്ദേഹം ഇന്ത്യയുടെ വികസനത്തിന് വേണ്ടി ഒത്തിരി കാര്യങ്ങൾ ചെയ്യിട്ടുണ്ട്.ഫ്യൂഡൽ വ്യവസ്ഥയിൽ നിന്നും രാജ്യത്തെ ആധുനികതയിലേക്ക് പിടിച്ചുകേറ്റിയതാണ് അദ്ദേഹം ഇന്ത്യക് നൽകിയ മഹത്തായ സംഭാവന.ഇന്ത്യൻ വികസനത്തിന് ദുരന്തമനുഭവികുന്ന ലക്ഷകണക്കിന് ജനങ്ങൾകിടയിൽ നിലന്നിനിരുന്ന അജ്ഞാതയും,ദാരിദ്ര്യവും,രോഗവും,സാമൂഹിക്കസാനമ്പത്തിക

**അസ്വമത്ത്വങ്ങളും ഇല്ലാതാകാ–**
**നുള്ള പദ്ധതിയാണ് ആദ്യംനടപ്പിലാകേണ്ടതെന്ന് മനസ്സിലാകി,അദ്ദേഹം പഞ്ചവത്സര**
**പദ്ധതിക് തുടകമിട്ടു.**

**ജാതിയും മതവും വർഗീയതയും രാജ്യത്തിൽ വിഭാഗിയ ചിന്താഗതി**
**ഉണർത്തുമെന്നും അത് രാജ്യത്തിൻെറ ഐക്യത്തെ തകർകുമെന്നും അദ്ദേഹം വിശ്വസിച്ചു.**
**ജാതിരഹിതമായ ഒരു നവഭാരതമായിരുന്നു അദ്ദേഹത്തിൻെറ**
**സങ്കൽപത്തിലുണ്ടായിരുന്നത്.ഭാവിഭാരതത്തിൻെറ യഥാർത ശക്തിവളർന്ന് വരുന്നത്**
**കുട്ടികളിലാണെന്ന് അദ്ദേഹം മനസ്സിലാക്കി.ഒരു**
**റോസാപുഷ്പത്തെയെന്നപ്പോലതന്നെ കുട്ടികളേയും അദ്ദേഹം**
**സ്നേഹത്തോടെ തൻെറ നെഞ്ചോടു ചേർത്ത് നിർത്തി.**
**അതുകൊണ്ട്തന്നെയാണ് 1964 മുതൽ എല്ലാ വർഷവും നവംമ്പർ 14**
**ശിശുദിനമായി ആചരിച്ചുപോരുന്നത്. "ഭാരതത്തിലെ ഓരോ**
**പാവപ്പെട്ടവൻെറ കണ്ണുനീർത്തുള്ളി തുടച്ചുമാറ്റുക എന്ന രാഷ്ട്രപിതാവിൻെറ**
**സ്വപ്നം നമ്മുക്ക് പ്രായോഗികമല്ലായിരിക്കാം. എന്നാൽ ഇന്ത്യയിലെ ഓരോ**
**പാവപ്പെട്ടവൻെറയും കണ്ണിൽ കണ്ണുനീർത്തുള്ളി നിലനിൽക്കുന്നിടത്തോളം**
**നമ്മുക്ക് വിശ്രമമില്ല." –ഇത് ജവഹർലാൽ നെഹ്റ്റുവിൻെറ**
**വാക്കുകളാണ്.ഈ വാക്കുകളിൽ നിന്നും നമുക്കു മനസ്സിലാക്കാൻ സാധിക്കും**
**അദ്ദേഹം നമ്മുടെ രാഷ്ട്രത്തേയും രാഷ്ട്രപിതാവിനേയും എത്രമാത്രം**
**സ്നേഹിച്ചിരുന്നുവെന്നും ബഹുമാനിച്ചിരുന്നെന്നും.അതുകൊണ്ട് ജവഹർലാൽ**
**നെഹ്റ്റുവെന്ന നമ്മുടെ പ്രിയങ്കരനായ ചാചാജിയുടെ**
**സങ്കൽപ്പത്തിലുണ്ടായിരുന്ന ആധുനിക ഭാരതത്തെ നാം പുതുതലമുറയിലൂടെ**
**വാർത്തെടുക്കാം.അതിനുവേണ്ടി നമ്മുക്ക് ഒത്തൊരുമയോടെയും**
**ഐക്യത്തോടെയും പ്രവർത്തിക്കാം.**



***–റിന്റു മരിയ ജോണി***

എൽ.എം.സി.സി.എച്ച്.എസ്

# തൃശ്ശൂർപൂരം

കേരളത്തിലെ ഏറ്റവും വർണപ്പകിട്ടുള്ള ക്ഷേത്രോൽസവമാണ് തൃശ്ശൂർപൂരം.മേടമാസത്തിലെ പൂരംനാളിൽ നടക്കുന്ന ഈ ഉൽസവം തൃശ്ശൂർ ജില്ലയിലെ പ്രസിദ്ധമായ വടക്കുന്നാഥ ക്ഷേത്രാങ്കണത്തിലുള്ള തേക്കിൻകാട് മൈതാനത്തിലാണ് നടത്തുന്നത്.ഇന്നത്തെ രീതിയിൽ പൂരം വിപുലമായി ആഘോഷിക്കുന്നതിന് മുൻകൈയെടുത്തത് കൊച്ചിരാജാവായിരുന്ന ശക്തൻ തമ്പുരാനാണ്

പൂരംനാളിൽ രാവിലെ തിരുവമ്പാടി ശ്രീകൃഷ്ണക്ഷേത്രത്തിൽ മുഴങ്ങുന്ന കതിന വെടിയോടെ പൂരച്ചടങ്ങുകൾ ആരംഭിക്കുകയായി.പതിനഞ്ച്



ആനകൾ തിരുവമ്പാടി ക്ഷേത്രത്തിന് പ്രദക്ഷിണം വച്ച് ഘോഷയാത്രയായി വടക്കുന്നാഥ ക്ഷേത്രത്തിനുള്ളിൽക്കൂടി ക്ഷേത്രത്തിൻെറ ഒരുവശത്തായി അണിനിരക്കുന്നു.പ്രധാന ആനയുടെ പുറത്ത് ശ്രീകൃഷ്ണരൂപം കൊത്തിയ തിടമ്പും കാണാം.അതേസമയം പതിനഞ്ച് ആനകൾ അടങ്ങിയ മറ്റൊരു സംഘം പാറമേകാവ് ക്ഷേത്രത്തിൽ നിന്ന് തിരിച്ച് മൈതാനത്തിൻെറ എതിർദിശയിൽ ആദ്യസംഘത്തിന് അഭിമുഖമായി അണിനിരക്കുന്നു.ഈ സംഘത്തെ നയിക്കുന്ന ആനയുടെ പുറത്ത് ദേവിയുടെ വിഗ്രഹം അടങ്ങിയ തിടമ്പും ഉണ്ടായിരിക്കും.ആനകൾ അണിനിരന്നു കഴിഞ്ഞാൽ പാണ്ടിമേളം,പഞ്ചാരി എന്നിവ ആരംഭിക്കുന്നു. മൽസരബുദ്ധിയോടെ അവതരിപ്പിക്കുന്ന മേളത്തിൽ എൺപതോളം ചെണ്ടക്കാരെ കൂടാതെ തിമില, കൊമ്പ്, ഇലത്താളം,ശംഖ് എന്നീ വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നവരും ഉണ്ടാകും . വടക്കുന്നാഥക്ഷേത്ര പരിസരത്തുള്ള ഇലഞ്ഞിയുടെ ചുവട്ടിൽ പ്രസിദമായ ഇലഞ്ഞിതറമേളം ഉച്ചയ്ക്ക് ആരംഭിച്ച് മൂന്നുമണിക്കൂറോളം അരങ്ങുതകർക്കുന്നു അന്തരീക്ഷമാകെ മേളത്തിൻെറ അലകൾ നിറഞ്ഞു നിൽക്കും. ആനപ്പുറത്ത് ആലവട്ടം,വെഞ്ചാമരം എന്നിവ പിടിക്കുന്നവരും

**മുത്തുകുടഏന്തിയവരും നിലയുറപ്പിക്കും.**

**സന്ധ്യയാകുമ്പോൾ കുടമാറ്റം ആരംഭിക്കുകയായി. വിവിധ വർണങ്ങളിലുള്ളതും മനോഹരങ്ങളുമായ കുടകൾ കലാബോധത്തോടെ മാറ്റിമാറ്റി ഇരുവശക്കാരും വർണങ്ങളുടെ മായാപ്രപഞ്ചംതന്നെ സൃഷ്ടിക്കുന്നു.പുതുപുത്തൻ കുടകളാണ് ഉപയോഗിക്കേണ്ടത്.പശ്ചാത്തലത്തിൽ പഞ്ചവാദ്യവും ചെണ്ടമേളവും മുഴങ്ങിക്കൊണ്ടേയിരിക്കും.അന്തരീക്ഷം ഇരുട്ടിത്തുടങ്ങുമ്പോൾ മൈതാനം വിളക്കുകളുടെ പ്രഭാപൂരത്തിൽ മുങ്ങുന്നു.കുടമാറ്റത്തിനുശേഷം ആനകൾ മടങ്ങിപ്പോവുകയും തിടമ്പുകൾ ശ്രീകോവിലിലേക്ക് തിരികെ വയ്ക്കുകയും ചെയ്യുന്നു.രാത്രി മൂന്നുമണിക്ക് പരിസരം മുഴുവൻ പ്രകമ്പനം കൊള്ളത്തക്കവിധത്തിലുള്ള വെടിക്കെട്ട് ആരംഭിക്കും.വർണപുഷ്പങ്ങൾ വിരിയിക്കുന്ന കരിമരുന്നുപ്രയോഗം പ്രകാശത്തിന്റെയും മായാലോകം സൃഷ്ടിക്കുന്നു.പിറ്റേദിവസവും ചെറിയ രീതിയിലുള്ള എഴുന്നള്ളിപ്പും കുടമാറ്റവും കാണും.ഉച്ചയ്ക്ക്  ഏകദേശം രണ്ടുമണിയോടെ പൂരച്ചടങ്ങുകൾ അവസാനിക്കുന്നു.**



***– തൊമസ് ആന്റണി***

# മാനുഷ്യർ വരുത്തിവച്ച നാശം

**കേരളം നേരിട്ട ഏറ്റവും വലിയ ദുരന്തം!**
**വീടുകളിൽ വെള്ളം കയറി**

## കേരളത്തിൽ വൻ ദുരന്തം

## വീട്ടിൽ വെള്ളം കയറിയതിനെ തുടർന്ന് ദുരിതംഅനുഭവികുനവർ





**മലകളും വീടുകളും ഇടിഞ്ഞു വിണു**



## 33 ഡാമുകൾ തുറന്നു



**റോഡുക്കളും പാലങ്ങളും  നശിഞ്ഞു**



**ജനങ്ങൾ  എലാവരും  സൂഷിക്കുക!**



**വലിയവരും  ചെറിയ വരും**
**ഓരുമിച്ചു നിന്നു സഹകരിച്ചു**
**മാവേലി തമ്പുരാൻ പറഞ്ഞതുപോലെ**
**കള്ളവും ചതിയും ഇല്ലാത്ത കേരളം**
**നല്ല നാടയി മാറി കഴിഞ്ഞു**


പ്രളയം
മഹാപ്രളയത്തിൽ കേരളം മുങ്ങിക്കിടക്കുന്നു..........................










**നമ്മുടെ രക്ഷകരായി കേരളപോലീസ് മാതൃകയായി**

# കേരളത്തിനെ സഹായിക്കുക



# we will fight the flood



***by***

***Athul xavier 9B***

എൽ.എം.സി.സി.എച്ച്.എസ്

# മാമരം

*ഭൂമിക്കൊരു കുട ചൂടുവാനായ്*
*വൃക്ഷങ്ങൾ നാമിന്ന് നട്ടിടേണം*
*ഹരിതാഭയേറുന്നൊരു ഭൂമിയായി*
*നാളെ തൻ തലമുറ തീർത്തിടേണം*

*ഓരോ ഇതളിലും ജീവശ്വാസം*
*ഏകിടുന്നു നൽ വൃക്ഷമെല്ലാം*
*നൻമയും കരുണയും ഈ കൈകളിൽ*
*കളകളാരവ പക്ഷിജാലം*

*മാനവൻ കാനന സംരക്ഷകൻ*
*ദേവനായ് തീർന്നൊരു പാലകനും*
*താലോലിച്ച് വളർത്തീടേണം*
*നാമോരോ മാമരം നാളേയ്ക്കായി*
*നാമോരോ മാമരം നാളേയ്ക്കായി.*



**-ബോബി. കെ. ജെ.**
*(കൈറ്റ് മിസ്ട്രസ്)*



by

ലിയ തെരേസ്

എൽ.എം.സി.സി.എച്ച്.എസ്

മയിൽപ്പീലി

# മഴത്തുള്ളി

ആർദ്രമായ പുലരിതൻ സംഗീതത്തിൽ
പുഴനീർ തോർന്നിടുന്നു.



കാർമേഘം പെയ്തിറങ്ങി ചന്ദ്രിക പെയ്തു.
നിലാവിൽ പുളകം കൊണ്ടൊരാമ്പൽ
പ്രളയക്കെടുതിയിൽ പ്രകൃതി
തൻ സൗന്ദര്യം മറയവേ
ദിനങ്ങൾ രാത്രങ്ങൾ മറഞ്ഞു നീങ്ങീടവേ
സ്വപ്നങ്ങൾ വാർന്നൊലിക്കുന്ന
മിഴികളുമായി
നിഗൂഢമായ തണുത്തുറഞ്ഞ
മഞ്ഞിന്റെ നിറങ്ങളുമായി
എൻ ജാലകത്തിലൂടെ നിന്നെ ഞാൻ തേടുന്നു
മാരിയായി മഴത്തുള്ളിയായി നീവരും
എന്റെ പ്രകൃതിയെ മനോഹരിയാക്കാൻ



– ബിന്ദു ഡോമനിക്ക്
(അധ്യാപിക)

# സാന്താക്ലോസും ക്രിസ്തുമസ്സ്ട്രീയും



പണ്ടുപണ്ട് ഒരു മലഞ്ചരിവിൽ മൂന്ന് ഫിർമരങ്ങൾ ഉണ്ടായിരുന്നു. ഒന്നൊരു കുറ്റൻ ; മറ്റെത് തടിയൻ , മൂന്നാമത്തേത് തീരെ മെലിഞ്ഞ ഒരു കുഞ്ഞൻ !

ഒരിക്കൽ ക്രിസ്മ്സ്കാലം വന്നെത്തി. എങ്ങും മരം കോച്ചുന്ന തണുപ്പാണ്. അതൊന്നും കൂട്ടാക്കാതെ മൂന്ന് മരങ്ങളും സാന്തക്ലോസപ്പൂപ്പനെ സ്വീകരിക്കാൻ ഒരുങ്ങിനിന്നു.

ഇതിനിടയിൽ കുറ്റൻ മരം ഞെളിഞ്ഞുകൊണ്ട് പറഞ്ഞു " ഹൊ ! എൻെറ പൊക്കം കണ്ടിട്ട് എനിക്ക് തന്നെ അതിശയം തോന്നുന്നു. സാന്തക്ലോസപ്പൂപ്പൻ എന്റെ പക്കലേ ആദ്യം വരൂ. " ഇതുകേട്ട് തടിയൻ മരം ദേഷ്യം കൊണ്ട് വിറച്ചു : അവൻ പറഞ്ഞു: "ഉം അങ്ങനെ ഞെളിയാതെ ! നമ്മളിൽ തടിമിടുക്കൻ ഞാനാണ് . അതുകൊണ്ട് അപ്പൂപ്പൻ എന്റെ പക്കലേ ആദ്യം വരൂ."

വമ്പന്മാരുടെ ഈ തർക്കം കേട്ട് കുഞ്ഞൻമരം മിണ്ടാതെ നിന്നതേയുള്ളൂ . അപ്പോഴാണ് കാലൊടിഞ്ഞ ഒരു കുരുവി തണുത്ത് വിറച്ച് അതുവഴി പറന്നുവന്നത് . കുരുവി കുറ്റൻ മരത്തോട് ചോദിച്ചു :

"വൻ മരമേ പൊൻ മരമേ !.... തണുപ്പുകൊണ്ട് ഞാൻ ചാകാറായി . നിന്റെ ചില്ലക്കൊമ്പിൽ എനിക്കിരിക്കാൻ ഒരിടം തരുമോ ?"

"ഇല്ലില്ല ; തെണ്ടിതിരിഞ്ഞ് വരുന്നവരെ ഇരുത്താൻ എനിക്ക് നേരമില്ല . ഞാൻ സാന്തക്ലോസപ്പൂപ്പനെ മാത്രമേ സ്വീകരിക്കൂ ; വേഗം പോയ്ക്കൊള്ളൂ ."

ക്കുറ്റൻ മരം കുരുവിയെ ആട്ടിയോടിച്ചു. പാവം കുരുവി ! അവൾ കരഞ്ഞുകൊണ്ട് തടിയൻ മരത്തിന്റെ അടുക്കലെത്തി അവൾ ചോദിച്ചു .

'' "തളിർമരമേ കുളിർമരമേ !.... കാലൊടിഞ്ഞ കുഞ്ഞിക്കിളിക്ക് നിന്റെ ചില്ലക്കൊമ്പിൽ ഒരിടം തരുമോ ?"

ഇല്ലില്ല , നിന്നെ ഇരുത്താനും ഊട്ടാനും ഒന്നും എനിക്ക് പറ്റില്ല . സമ്മാനപൊതിയുമയി വരുന്ന സാന്തക്ലോസപ്പൂപ്പന് മാത്രമേ ഇവിടെ സ്ഥാനമുള്ളൂ. വേഗം വിട്ടോളൂ." തടിയൻ മരവും അവളെ കൈവെടിഞ്ഞു .

ഇനി എന്ത് ചെയ്യും ? കുരുവിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി . തനിക്കൊരിടം നൽകാൻ ആരുമില്ലെന്നോ ?

ഒടുവിൽ കുരുവി ഇഴഞ്ഞും വലിഞ്ഞും കുഞ്ഞുമരത്തിന്റെ അടുത്തെത്തി . അവൾ ചോദിച്ചു .

*നൻമരമേ തേൻമരമേ , ഞാൻ തീരെഅവശയാണ് മുന്നോട്ട് പോകാൻ വയ്യ . എനിക്കിരിക്കാൻ നിന്റെ ചില്ലക്കൊമ്പിൽ ഒരിടം തരുമോ ?*

“ഓഹോ ,അതിനെന്താ? നീ വല്ലാതെ വാടിത്തളർന്നിരിക്കുന്നുവല്ലോ ! വേഗം വന്ന് എന്റെ ചില്ലയിരുന്നോളൂ."കുഞ്ഞുമരം അവളെ സന്തോഷപൂർവ്വം സ്വീകരിച്ചു. ഹാവൂ! ആശ്വാസമായികുരുവി വേഗം കുഞ്ഞുമരത്തിന്റെ ഒരുചില്ലയിൽ കയറിയിരുന്നു.

കുറെ നേരം കഴിഞ്ഞപ്പോൾ അവളുടെ ശരീരത്തിന് ചൂട് കിട്ടി. അവൾക്ക് നല്ല സുഖംതോന്നി. സന്തോഷത്തോടെ അവൾ പാടാൻ തുടങ്ങി ."

"...ചിക്...ചിക്...ചിക്...ചിക്...ചിക്

സന്ധ്യയായപ്പോൾ സാന്താക്ലോസപ്പൂപ്പൻ ചുവന്ന കുപ്പായവും കുമ്പൻ തൊപ്പിയും വെള്ളതാടിയുമുള്ള അപ്പൂപ്പനെ കാണാൻ എന്തൊരു

**ഭംഗിയായിരുന്നു. സാന്താക്ലോസപ്പൂപ്പൻ തന്റെ ഭാണ്ഡത്തിലുള്ള സമ്മാനങ്ങൾ ഒന്നൊന്നായി ആ കുഞ്ഞു മരത്തിന്റെ ചില്ലകളിൽ തൂകിയിട്ടു എന്നിട്ട് പറഞ്ഞു.കുഞ്ഞു മരമേ നിന്നെ ഞാൻ ക്രിസ്തുമസ് ട്രീയാകി മാറ്റുന്നു ! എല്ലാ ക്രിസ്തുമസ്കാലത്തും പൂക്കളും കായ്കളും കൊണ്ട നിന്റെചില്ലകൾ അലകൃതമാകും!അപ്പൂപ്പൻ ആ കുഞ്ഞുമരത്തെഅനുഗ്രഹിച്ചു ഇങ്ങനെയാണ് ക്രിസ്തുമസ് ഉണ്ടായത്.**



**–എയ്ഞ്ചലീന കാരൾ കെ.എ**

# കവിതാ ആസ്വാദനം

## തെംസ് നദിയോട്

മലയാളത്തിലെ പ്രശസ്ത കവയത്രി സുഗതകുമാരിയുടെ ഒരു കൊച്ചു കവിതയാണ 'തെംസ് നദിയോട്'. പ്രശസ്ത നഗരമായ ലണ്ടനിലെ ഒരു പ്രധാന നദിയാണ് തെംസ് നദി. ഒരിക്കൽ വളരെ തെളിമയോടെ ഒഴുകിയിരുന്ന തെംസ് നദി ഇന്ന് മാലിന്യങ്ങളാൽ വൃത്തിഹീനമായി. തെംസ് നദിയോട് അനുരാഗം തോന്നി ഒരിക്കൽ ഒരാൾ വന്നു. ഏന്നാൽ നദിയുടെ ഈ ദയനീയാവസ്ഥ കണ്ട വ്യക്തിയുടെ കണ്ണുകൾ നിറഞ്ഞു. നദിയോടുള്ള സ്നേഹത്തിൻെറ ഉള്ളിൽ നിന്നും വന്ന ആ കണ്ണുനീർത്തുള്ളികൾ മാലിന്യങ്ങൾ കൊണ്ടു നിറഞ്ഞ കറുപ്പാറ നെഞ്ചത്ത് വീണു. ആ വ്യക്തിക്ക് തെംസ് നദിയോടുള്ള സ്നേഹത്തിൻെറ അടയാളമാണ് ഈ കണ്ണുനീർതുള്ളികൾ എന്ന് മനസ്സിലാക്കിയ നദി പുഞ്ചിരിക്കാൻ തുടങ്ങി. ജീവനില്ലാതെ ഒഴുകിയിരുന്ന ആ നദിയെ രണ്ടു കരങ്ങളിൽ തുടങ്ങി ആയിരം കരങ്ങൾ വരെ കോരിയെടുത്തു .ഇന്ന് ആ നദി വീണ്ടും പുഞ്ചിരിച്ചുകൊണ്ട് ഒഴുകുന്നു. തെംസ് നദിയുടെ പ്രിയ മത്്യമായ സാമൺ മാലിന്യ വിമുക്തമായ നദിയിൽ നീന്തിതുടിച്ചു കളിക്കുന്നു. നദിയുടെ ഈ പുനർജീവിതത്തെ വളരെ മനോഹരമായാണ് കവയത്രി വാക്കുകളിലൂടെ അവതരിപ്പരിച്ചിരിക്കുന്നത്. അക്ഷരങ്ങളാൽ വായനക്കാരുടെ മനസ്സിൽ ചിത്രം വരയ്ക്കുന്ന കവയത്രിയായി സുഗതകുമാരി മാറുന്നു.



ആൻഡ്രിയ കൊറയ

*9b*

# മുല്ലാനസ്റുദീൻെ്റ കഥകൾ

മുല്ലാനസ്റുദീൻ എന്ന രസികൻ തന്റെ ജീവിതത്തിൽ വന്ന ഒരു അനുഭവമാണ് ഇവിടെ നമ്മൊടു പങ്കുവെക്കുന്നത്.
മുല്ലയെ ഹോജ എന്ന പേരിലും അറിയപ്പെടുന്നത്
ഒരു ദിവസം മുല്ലാനസ്റുദിൻ ചായക്കടയിൽ പോയപ്പോൾ അവിടെ സൈനികർ അവരുടെ വീരകൃത്യങ്ങളെകുറിച്ച് അവിടെയുള്ളവരോട്പറയുകയായിരുന്നു. അതെല്ലാം കേട്ടപോൾ അതിൽ കുറച്ച് തമാശചേർക്കാൻ മുല്ലാ ആഗ്രഹിച്ചു. മുല്ലാ പറഞ്ഞുതുടങ്ങി:ഇതോന്നും ഒന്നുമല്ല ഞാൻ ഒരാളുടെ രണ്ടു കൈക്കളും വെട്ടിക്കളഞ്ഞിട്ടുണ്ട്. അപ്പോൾ മറ്റോരാൾ ചോദിച്ചു:നീ എന്തുകൊണ്ട് അയാളുടെ തല വെട്ടിയില്ല.മുല്ലാ പറഞ്ഞു: കാരണം അയാളുടെ തല വേറെയോരാൾ വേട്ടിയിരുന്നു. ഇതുകെട്ട് എല്ലാവരും പൊട്ടിചീരിച്ചു.

by



*-ഡാനിയൽ റ്റിജോ*

# കനിവിൻെറ മാലാഖ

'ദൈവത്തിൻെറ കൈയിലെ പെൻസിൽ' എന്നാണ് മദർ തെരേസ പലപ്പോഴും സ്വയം വിശേഷിപ്പിച്ചിരുന്നത്. ചെയ്യുന്ന നൻമകളൊന്നും തൻെറ മഹത്വവല്ലെന്നും ദൈവത്തിൻെറ ഉപകരണം മാത്രമാണ്



താൻ എന്നുമാത്രമായിരുന്നു ലോകത്തിൻെറ ഏതു ഭാഗത്തു ചെന്നാലും മദർ പറഞ്ഞിരുന്നത് .

അവർ അധികമൊന്നും പ്രസംഗിച്ചിട്ടില്ല. എഴുതിയിട്ടുമില്ല. നൊബേൽ വേദിയിലുൾപ്പെട്ട ഒരേയൊരുകാര്യം മാത്രമേ പറഞ്ഞിരുന്നുള്ളൂ. 'ദൈവം എല്ലാവരേയും സ്നേഹിക്കുന്നു. എല്ലാവരും ദൈവത്തിൻെറ മക്കൾ. എല്ലാവരേയും സ്നേഹിക്കുക. ദൈവത്തിനു വേണ്ടി എന്തെങ്കിലും സുന്ദരമായകത് ചെയ്യുക'. സഹജീവികളോടുള്ള നിസ്വാർഥമായ സ്നേഹം കൊണ്ട് ലോകത്തിൻെറ മുഴുവൻ ആദരം നേടിയെടുത്ത ആ മഹതിക്ക് ഭാരതരത്നം സമ്മാനിക്കുന്ന ചടങ്ങിൽ, ഇന്ത്യയുടെ ഉരുക്കു വനിതയായ ഇന്ദിരാഗാന്ധിപോലും വിതുമ്പിപ്പോയി.




-ജോസഫ് ടിനു

എൽ.എം.സി.സി.എച്ച്.എസ്

*9A*

# സ്ത്രീ



**അവൾ ആരാണെന്നറിയില്ലായെങ്കിലും**
**സ്ത്രീതൻ നിത്യ പ്രതീകമാണവൾ.....**
**അമ്മയായി, മകളായി, സഹോദരിയായി**
**അവളുടെ ജന്മമുണ്ടിഭൂമിയിൽ........**
**അവളുടെ ജന്മമുണ്ടിഭൂമിയിൽ........**
**മാതൃവാത്സല്യമൂട്ടി വളർത്തി....**
**അവൾതൻ മുലപ്പാൽ നുകരും നേരം...**
**സ്നേഹബന്ധങ്ങളെ താഴിട്ടു പൂട്ടുന്ന...**
**സ്നേഹത്തിൽ പൊൻ പ്രതീകമാണവൾ**
**എന്നാൽ ഇന്നത്തെ കാപട്യന്മാർ**
**നോവിച്ചുകൊണ്ടിതാ..........**
**ക്രൂരതകൾതൻ നിഴൽ വീഴ്ത്തിടുന്നുഎങ്കിലും അവളുടെ ജന്മം**
**ബാക്കിയായി**
**സ്ത്രീയായി പിറന്നതു കൊണ്ടിഭൂമിയിൽ**



**-ജാൻവി വി**


BY
ABHISHEK

# നന്ദി . . .

ഓർമ്മകൾക്ക് സുഗന്ധം പരത്തുന്ന ഡയറിയുടെയും,മാഗസിന്റേയും കാലം കഴിഞ്ഞു എന്ന പുതുതലമുറയുടെ അഭിപ്രായം ചിറകുയർത്തി പറന്നത് ഡിജിറ്റൽ മാഗസിൻ എന്ന സാക്ഷാത്ക്കാരമായാണ് കെട്ടിലും,മട്ടിലും പുതുമ ആഗ്രഹിക്കുന്ന തലമുറ e-മാഗസിൻ സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുന്നു.മലയാളം കമ്പ്യൂട്ടിങ്ങ്,ജിമ്പ,തുടങ്ങിയവയിലൂടെ സാധ്യമാക്കിയ മാഗസിൻ ലിറ്റിൽ കൈറ്റിലെ ഓരോ കുട്ടിയുടെയും കയ്യൊപ്പ് പതിഞ്ഞതാണ്.

നിങ്ങളുടെ ലേഖനങ്ങളും, കഥകളും, കവിതകളും, ചിത്രങ്ങളും നമ്മുടെ മാഗസിൻ അലങ്കാരമാകുന്നു.ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു ടച്ചിലൂടെ വായന സാധ്യമാക്കി വായനയ്ക്ക് പുതിയൊരു ഡിജിറ്റലായ ദൃശ്യഭാഷ്യം നൽകുന്ന ഈ സംരഭത്തിലൂടെ സമീപ അഭിരുചികനുസരിച്ച് ചിന്തിക്കാനും, എഴുതാനും,വായിക്കാനും സാധിക്കട്ടെ നൂതന സാങ്കേതിക വിദ്യയിലൂടെ പുത്തൻ പ്രഭാതങ്ങൾ പുലരട്ടെ



***-ഡാനിയേൽ ഫ്രാൻസിസ്***




എൽ.എം.സി.സി.എച്ച്.എസ്

മയിൽപ്പീലി